(ഡി) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കണമെന്ന ഭൂർത്ഥിച്ച് 1958-ൽ തന്നെ കേരള നിയമസഭ പ്രമേയം പാസാക്കി കേന്ദ്ര സർക്കാരിനയച്ചിട്ടുണ്ട്. 1996-ലും 1997-ലും ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന് എഴുതിയിട്ടുണ്ട്. കേന്ദ്ര നിയമമന്ത്രിയിൽനിന്നും ഇപ്പോൾ സർക്കാരിന് ലഭിച്ച കത്തിൽ ആവശ്യപ്പെട്ടിട്ടുള്ളപോലെ തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നത് സംബന്ധിച്ച് ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ഹൈക്കോടതിയുടെ അഭിപ്രായം ലഭിച്ചശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കൊടുവള്ളിയിൽ മുൻസിഫ് കോടതിയും സബ് കോടതിയും അനുവദിക്കണമെന്ന ആവശ്യം

24 (24)<u>ശ്രീ. സി. മോയിൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളിയിൽ മുൻസിഫ് കോടതിയും സബ് കോടതിയും അനുവദിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കൊടുവള്ളിയിൽ ഒരു ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി അനുവദിക്കണമെന്ന ആവശ്യത്തിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) മേൽപ്പറഞ്ഞ കോടതികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കൊടുവള്ളിയിൽ മുൻസിഫ് കോടതിയും ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റു കോടതിയും ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ അഭിപ്രായം തേടിയിട്ടുണ്ട്.

(സി) ഇക്കാര്യം ഹൈക്കോടതിയുടെ സജീവ പരിഗണനയിലാണ്.

(ഡി) ഹൈക്കോടതിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

ഉദ്യോഗ നിയമനങ്ങളിൽ ഉപസംവരണം

25 (25)<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഉദ്യോഗ നിയമനങ്ങളിലെ ഉപസംവരണം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെന്നു വ്യക്തമാക്കുമോ;

(സി) ഇതിലേക്കുവേണ്ടി കിർത്താഡ്സിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly